പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 78 07.08.2017 ൽ മറുപടിക്ക്

## കാലിക്കറ്റ് എയർപോർട്ട് വികസനം

ചോദ്യം

**ശ്രീ.ടി. വി. ഇബ്രാഹിം**

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കാലിക്കറ്റ് എയർപോർട്ടിന്റെ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ ;

(ബി) ഏറ്റവും പുതിയ കണക്കനുസരിച്ച് എയർപോർട്ട് വികസനത്തിന് ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൊടുക്കുന്ന നഷ്ടപരിഹാരം സെന്റ് ഒന്നിന് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ;

(ഡി) കാലിക്കറ്റ് എയർപോർട്ടിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി ശ്രീ.കെ.ടി. ജലീലിന്റെ നേതൃത്വത്തിൽ മലപ്പുറം കളക്ടേറ്റിൽ ചേർന്ന യോഗത്തിൽ ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് സെന്റൊന്നിന് മന്ത്രി പ്രഖ്യാപിച്ച 3 മുതൽ 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരം എന്ന കാര്യത്തിൽ സർക്കാർ ഉറച്ച് നിൽക്കുന്നുണ്ടോ ; വിശദമാക്കാമോ ?

(എ) യും (ബി) യും (സി) യും (ഡി) യും

കോഴിക്കോട് എയർപോർട്ടിന്റെ മൊത്തത്തിലുള്ള വികസനത്തിന് പള്ളിക്കൽ, കൊണ്ടോട്ടി, നെടിയിരിപ്പ് വില്ലേജുകളിലായി 248.3 ഏക്കർ ഭൂമി റൺവേ വികസനത്തിനും 137 ഏക്കർ ഭൂമി ടെർമിനൽ വികസനത്തിനും ഉൾപ്പെടെ ആകെ 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 24.10.2016 ലെ സ.ഉ. (കൈ) നം.66/2016/ഗതാ, 18/02/2017 ലെ സ.ഉ.(കൈ) 11/2017/ഗതാ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 26.05.2017 ലെ ജി ഒ (ആർ റ്റി) നം. 2399/2017/റവ. നം. ഉത്തരവിൻ പ്രകാരം മൊത്തം 485.3 ഏക്കർ ഭൂമി (19639.394 ഹെക്ടർ) യുടെ ഡയറക്ട് നെഗോഷ്യേറ്റഡ് പർച്ചേസ്സിന് മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പ്, പുനരധിവാസം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

അണ്ടർ സെക്രട്ടറി